**15 -ാം കേരള നിയമസഭ**

**13 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 2679** **04-03-2025 - ൽ മറുപടിയ്ക്ക്**

**സ്വകാര്യ കൃഷിക്ക് സഹകരണ സ്ഥാപനങ്ങൾ മുഖേന ഹ്രസ്വകാല വായ്പ**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ എം രാജഗോപാലൻ | | ശ്രീ. വി.എൻ വാസവൻ<br>(തുറമുഖ - സഹകരണ - ദേവസ്വം വകുപ്പ് മന്ത്രി) | |
| (എ) | നെൽകൃഷി, പച്ചക്കറികൃഷി, ജൈവകൃഷി തുടങ്ങിയ സ്വകാര്യ കൃഷികൾക്ക് സഹകരണ സ്ഥാപനങ്ങൾ മുഖേന ഹ്രസ്വകാല വായ്പകൾ അനുവദിക്കാനും ഈ മേഖലയിൽ സർക്കാർ പലിശ സബ്സിഡി അനുവദിക്കാനും നടപടികൾ ഉണ്ടാകുമോ; വിശദമാക്കാമോ? | (എ) | നെൽകൃഷി, പച്ചക്കറി കൃഷി, ജൈവകൃഷി തുടങ്ങിയ സ്വകാര്യ കൃഷികൾക്കായി നിലവിൽ കർഷകർക്ക് ഹ്രസ്വകാല കാർഷിക വായ്പയായി 3 ലക്ഷം രൂപ വരെയും, കാർഷിക അനുബന്ധ പ്രവർത്തനങ്ങൾക്ക് 2 ലക്ഷം രൂപ വരെയും സഹകരണസംഘങ്ങൾ മുഖേന അനുവദിക്കുന്നുണ്ട്. ഇത്തരം വായ്പകൾക്ക് നബാർഡ് മുഖേന 3% പലിശ സബ് വെൻഷനോട് കൂടി 4% പലിശക്ക് വായ്പകൾ അനുവദിച്ചുവരുന്നു.<br><br>നെൽകർഷകർ നെൽകൃഷിക്കായി സംസ്ഥാനത്തെ സഹകരണ സംഘങ്ങളിൽ നിന്നും എടുക്കുന്ന വായ്പയുടെ പലിശ സബ്സിഡി അനുവദിയ്ക്കുന്നതിനായി സഹകരണ വകുപ്പിന്റെ സംസ്ഥാനപദ്ധതിയിൽ നിന്നും തുക അനുവദിക്കുന്നുണ്ട്. ടി പദ്ധതി നടപ്പിലാക്കുന്നതിനാവശ്യമായ തുക സംസ്ഥാന ബഡ്ജറ്റിൽ നിന്നും വിനിയോഗിക്കുന്നതിന് ചട്ടങ്ങൾ അംഗീകരിച്ച് ഉത്തരവായിട്ടുണ്ട്. ആയതിന്റെ അടിസ്ഥാനത്തിൽ ഒരു സാമ്പത്തിക വർഷം നൽകിയിട്ടുള്ള നെൽകൃഷിക്കുള്ള വായ്പയുടെ പലിശ സബ്സിഡി ഇനത്തിലെ സംഘത്തിന്റെ ക്ലെയിം തുക പ്രാഥമിക കാർഷിക വായ്പാ സഹകരണ സംഘങ്ങൾക്കുള്ള ധനസഹായം എന്ന സംസ്ഥാന പദ്ധതിയിൽ നിന്നും അനുവദിച്ച് നൽകുന്നു. |

സെക്ഷൻ ഓഫീസർ